# സംസ്ഥാന ദാരിദ്ര്യ നിർമാർജ്ജന മിഷൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം

**(ശ്രീ.എസ്.ഹരികിഷോർ, ഐഎഎസ്)**

വിഷയം :- കുടുംബശ്രീ - സിഡിഎസുകളുടെ ഭരണ നിർവ്വഹണ ഗ്രാൻറ് വർദ്ധിപ്പിച്ചത് - ഭേദഗതി ചെയ്ത് ഉത്തരവാകുന്നു

പരാമർശം :- 1.05/8/2014-ലെ ഈ ഓഫീസിലെ കെ.എസ്/എം/2428/08 നമ്പർ നടപടിക്രമങ്ങൾ
2.25.06.2020 - ലെ കുടുംബശ്രീ ഗവേണിംഗ് ബോഡി യോഗ അജണ്ട നം. 8 തീരുമാനം
3.28/8/2020-ലെ ഈ ഓഫീസിലെ ഇതേ നമ്പർ നടപടിക്രമം

**ഉത്തരവ് നം .6074/M1/2020/KSHO 08.02.2021**

കുടുംബശ്രീ സിഡിഎസ്സുകളുടെ ദൈനംദിന ഭരണ ചെലവുകളുടെ നിർവ്വഹണത്തിനും, സുഗമവും, സജീവുമായ പ്രവർത്തനത്തിനും അഡ്മിനിസ്ട്രേറ്റീവ് ഗ്രാൻറായി സാമ്പത്തിക സഹായം അനുവദിച്ചു നൽകി വരുന്നുണ്ട്. പരാമർശം (3) പ്രകാരം അഡ്മിനിസ്ട്രേറ്റീവ് ഗ്രാൻറ്, 15 വരെ വാർഡുകളുള്ള സിഡിഎസ്സിന് 3775/- രൂപയിൽ നിന്നും 4000/- രൂപയായും, 16 മുതൽ 19 വരെ വാർഡുകളുള്ള സിഡിഎസ്സിന് 3925/- രൂപയിൽ നിന്നും 4500/- രൂപയായും 20 ൽ കൂടുതൽ വാർഡുകളുള്ള സിഡിഎസ്സിന് 4425/- രൂപയിൽ നിന്നും 5,000/- രൂപയായും 2020 ജൂലൈ 1 മുതൽ വർദ്ധിപ്പിച്ചു നൽകുന്നതിന് അനുമതി നൽകി ഉത്തരവായിരുന്നു.

അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റിലെ ഒരു ഇനമായ ഉപസമിതി കൺവീനർമാരുടെ യാത്രബത്ത യഥാക്രമം 800/- രൂപയിൽ നിന്നും 1.025/- രൂപ (15 വാർഡുവരെയുള്ള പഞ്ചായത്തുകൾ) 1,175/- രൂപ (16 മുതൽ 19 വാർഡുവരെയുള്ള പഞ്ചായത്തുകൾ), 1275/- രൂപ (20 വും അതിൽ കൂടുതലും വാർഡുള്ള പഞ്ചായത്തുകൾ) പരാമർശം (1) പ്രകാരം അനുവദിച്ചുകൊണ്ട് ഉത്തരവായിരുന്നു. എന്നാൽ ഇപ്രകാരമുള്ള ഭേദഗതി പരാമർശം (3) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ ഉൾപ്പെടുത്തുന്നതിന് വിട്ടുപോയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ താഴെപറയും പ്രകാരം സിഡിഎസ്സുകൾക്കുള്ള അഡ്മിനിസ്ട്രേറ്റ് ഗ്രാന്റിലെ ഇനങ്ങൾക്കുള്ള തുകകൾ 2020 ജൂലൈ 1-ന് പ്രാബല്യത്തിൽ പുനർക്രമീകരിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | ഇനം | 15 വരെ വാർഡുകൾ | 15 മുതൽ 19 വരെ വാർഡുകൾ | 19 വാർഡുകൾക്ക് മുകളിൽ |
|---|---|---|---|---|
| 1. | സ്റ്റേഷനറി | 350 | 350 | 350 |
| 2. | തപാൽ | 75 | 75 | 125 |
| 3. | മീറ്റിംഗ് റീഫ്രെഷ്മെൻറ് | 500 | 600 | 650 |
| 4. | സിഡിഎസ് ചെയർപേഴ്സണിൻറെ യാത്ര ബത്ത | 500 | 550 | 650 |
| 5. | ഉപസമിതി കൺവീനർക്കുള്ള യാത്ര ബത്ത | 1025 | 1175 | 1275 |
| 6. | സിഡിഎസ് ഭരണ സമിതി അംഗങ്ങൾക്കുള്ള യാത്ര ബത്ത | 1100 | 1300 | 1500 |
| 7. | സിഡിഎസ് ചെയർപേഴ്സണിൻറെ ടെലിഫോൺ ചാർജ്ജ് (നെറ്റ് ചാർജ്ജ് ഉൾപ്പെടെ) | 250 | 250 | 250 |
| 8. | മറ്റുള്ളവ | 200 | 200 | 200 |
| **ആകെ** | | **4000** | **4500** | **5000** |

ജില്ലാ മിഷനിൽ ലഭ്യമായ പ്ലാൻ ഫണ്ടിലെ Org:1 എന്ന ശീർഷകത്തിൽ വകയിരുത്തി വിനിയോഗിക്കേണ്ടതാണ്.

(ഒപ്പ്)
S.Harikishore IAS
എക്സിക്യൂട്ടീവ് ഡയറക്ടർ

പകർപ്പ്

1. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
2. എല്ലാ സിഡിഎസ് ചെയർപേഴ്സൺമാർക്കും (ജില്ലാ മിഷൻ മുഖേന)
3. അക്കൗണ്ട്സ് സെക്ഷൻ, സംസ്ഥാന മിഷൻ, കുടുംബശ്രീ
4. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും, സംസ്ഥാന മിഷൻ, കുടുംബശ്രീ

The document is digitally approved. Hence signature is not needed.